ശ്രീ. കെ. കൊച്ചുകുട്ടൻ : ഹരിജനങ്ങളായി ഇന്ന് പട്ടികജാതിയിൽപ്പെടുത്തിയിട്ടുള്ളവർ മാത്രമേ ഉൾപ്പെടുകയുള്ളൂ.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പ്രൈവറ്റ് കോളേജുകളിൽ നിന്നും, ഹരിജനവിദ്യാർത്ഥികളോട് അഡ്മിഷനുവേണ്ടി 50-ം, 75-ം രൂപ വീതം ഡൊണേഷൻ വാങ്ങിക്കുന്നതായി പരാതിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരാതി ലഭിച്ചു. അന്വേഷിച്ചതിൽ അങ്ങനെ ഉണ്ടായിട്ടില്ലെന്നാണ് അറിയാൻ സാധിച്ചതു്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പന്തളം എൻ.എസ്സ്. എസ്സ്. കോളേജിൽ, ഇൻറർവ്യൂന് 50 രൂപയും, ബി. എ., ബി. എസ്സ്സി. ക്ലാസുകളിലേയ്ക്ക് 75 രൂപയും വാങ്ങിച്ചതായി പരാതിയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതുതന്നെയാണ് പറഞ്ഞതു്.

# WRITTEN ANSWERS

## ബോട്ടുജട്ടികൾ.

* 488. [5] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാംക്ഷൻഡ് ജട്ടികളിൽ മാത്രമേ സ്റ്റീസ് ബോട്ടുകൾ അടുപ്പിക്കാവൂ എന്ന നിയമത്തിനു ഗവണ്മെൻറ് അയവുവരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു കാരണമെന്തു് ;

(സി) ലൈസൻസില്ലാത്ത പോർട്ടർമാരെ ബോട്ടുകളിൽനിന്നും ചരക്കിറക്കുവാൻ ഗവണ്മെൻറനുവാദം നൽകിയിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല

(സി) ഇല്ല.

## സഹകരണസംഘങ്ങൾക്കു് ഗ്രാൻറ്.

* 489. [21] ശ്രീ. ടി. പി. സീതാരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ കൊല്ലം സഹകരണസംഘങ്ങൾക്കു് അതതു് എത്ര സംഖ്യ ഗ്രാൻറായും ലോണായും കൊടുത്തിട്ടുണ്ടു് ;

(ബി) ഈ ഇനത്തിൽ കേന്ദ്രഗവണ്മെൻറിൽനിന്നും എന്തു സഹായധനം ഈ സ്റ്റേറിനു ലഭിച്ചിട്ടുണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) കഴിഞ്ഞ കൊല്ലം കൈത്തറി സഹകരണസംഘങ്ങൾക്കു് രൂപ 2,03,773-4-2 ഗ്രാൻറും, 6,92,005 രൂപ ലോണും, കയർ സഹകരണസംഘങ്ങൾക്കു 1,12,500 രൂപ ഗ്രാൻറും, 9,85,000 രൂപ ലോണും, കൂടിൽവ്യവസായഗ്രാമോദ്ധാരണസഹകരണസംഘങ്ങൾക്കു് 22,650 രൂപ ഗ്രാൻറായും, മറ്റു സഹകരണസംഘങ്ങൾക്കു് 79,775 രൂപ ഗ്രാൻറായും കൊടുത്തിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൊഴിലാളി സഹകരണസംഘങ്ങൾക്കുവേണ്ടി 4,91,598 രൂപ ഗ്രാൻറും, ഒൻപതുലക്ഷം രൂപ ലോണും, കയർവ്യവസായസഹകരണസംഘങ്ങൾക്കുവേണ്ടി ഒരുലക്ഷം രൂപ ഗ്രാൻറും, ഒരുലക്ഷം രൂപ ലോണും ഉദ്യോഗവണ്മെൻറിൽനിന്നു് ഈ സ്റ്റോറിനു ലഭിച്ചിട്ടുണ്ടു്.

## ഭവനനിർമ്മാണം.

* 490. [22] ശ്രീ. ടി. പി. സീതാരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ്, സെറ്റിൽമെൻറ്, കോളനൈസേഷൻ എന്നീ പദ്ധതികളനുസരിച്ചു് കഴിഞ്ഞ വർഷത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും എത്ര ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ടു് ;

(ബി) എത്ര ചിലവു വന്നിട്ടുണ്ടു് ;

(സി) ഈ വർഷത്തിൽ എത്ര വീടുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഹൗസിംഗ്, സെറ്റിൽമെൻറ് എന്നീ പദ്ധതികളിലായി കഴിഞ്ഞ വർഷത്തിൽ ഓരോ ഡിസ്ട്രിക്റ്റിലും താഴെ പറയുന്നത്ര കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. കോളനൈസേഷൻ പദ്ധതിയനുസരിച്ചു് കെട്ടിടങ്ങൾ ഒന്നും നിർമ്മിച്ചിട്ടില്ല.

| | തിരുവനന്തപുരം. | കൊല്ലം. | കോട്ടയം. | തൃശ്ശൂർ. |
|---|---|---|---|---|
| 1. ഹൗസിംഗ്:— | 15. | 42. | 25. | 42. |
| 2. സെറ്റിൽമെൻറ്:— | 112. | .... | 2. | ഇല്ല. |
| (ബി) 1. ഹൗസിംഗ്:—രൂ. | 40,431. | 1,85,697. | 42,413. | 1,33,019. |
| 2. സെറ്റിൽമെൻറ്:—രൂ. | 14,090. | 3,570. | ഇല്ല. | 168. |

(സി) ഈ വർഷത്തിൽ പണി നടക്കുന്നതും, പണിയാൻ ഉദ്ദേശിക്കുന്നതുമായ കെട്ടിടങ്ങളുടെ വിവരം അടിയിൽ കൊടുക്കുന്നു.

| | തിരുവനന്തപുരം. | കൊല്ലം. | കോട്ടയം. | തൃശ്ശൂർ. |
|---|---|---|---|---|
| 1. ഹൗസിംഗ്:— | 47. | 38. | 38. | 29. |
| 2. സെറ്റിൽമെൻറ്:— | 962. | 549. | 108. | 120. |

## റോഡിൻെറ ശോചനീയാവസ്ഥ.

* 491. [24] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയുടെ ഭാഗമാക്കാൻ തിരുവനന്തപുരത്തിനു തെക്കോട്ടു് തിരഞ്ഞെടുത്തിരിക്കുന്ന റോഡു് ഏതാണു് ;

(ബി) വിഴിഞ്ഞം, പൂവാർ തുടങ്ങിയ സ്ഥലങ്ങളിൽക്കൂടിയുള്ള റോഡിൻെറ ശോചനീയമായ അവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly